(ബി) ഈ കുറവ് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് തസ്തികകളിൽ താൽക്കാലിക പ്രൊമോഷൻ നൽകി 2015-മേയ് മാസം സ്പെഷ്യലിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് നിലവിലുള്ള അസിസ്റ്റന്റ് സർജൻമാർ/സിവിൽ സർജൻമാരിൽനിന്നും (പി.ജി ബിരുദം, ഡിപ്ലോമ ഉള്ളവർ) ഓപ്ഷൻ സ്വീകരിച്ച് സീനിയോറിറ്റി അടിസ്ഥാനമാക്കി നിയമനം നടത്തി വരികയുമാണ്.

സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികളുടെ വികസനം

119 (784) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികളുടെ വികസനത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര തുക വകകൊള്ളിച്ചെന്നും അതിൽ എത്ര തുകയാണ് ചെലവാക്കിയതെന്നും വ്യക്തമാക്കുമോ ;

(ബി) ഈ ആശുപത്രികൾക്കായി നിലവിലെ ബഡ്ജറ്റിൽ ഏതെല്ലാം പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് :

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികളുടെ വികസനത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 18 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഇതിൽ 11.96 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 5.3 കോടി രൂപ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് വഴി 2015 സെപ്റ്റംബർ 30-നകം ചെലവഴിക്കാനുള്ള അനുമതിയും ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പ് :

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളുടെ വികസനത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന 1095 ലക്ഷം രൂപയിൽ നിന്നും 7,04,56,970 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് :

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ കോളേജുകളിലെ സ്ത്രീകളുടെയും കുട്ടികളുടെയും യൂണിറ്റുകളുടെ നിലവാരം മെച്ചപ്പെടുത്തുവാനായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയുടെ മാതൃകയിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ജനനി സുരക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനായി 5 കോടി രൂപയുടെ പദ്ധതി ധനകാര്യ മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി.

ആരോഗ്യവകുപ്പ് :

നിലവിലെ ബഡ്ജറ്റിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ടി ആശുപത്രികളുടെ വികസനത്തിനായി 1150 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

ഉൾഗ്രാമങ്ങളിലെ അംഗീകാരമില്ലാത്ത ചികിത്സാകേന്ദ്രങ്ങൾ

120 (785) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾഗ്രാമങ്ങളിൽ അംഗീകാരമില്ലാതെ പൈൽസ്, ലൈംഗികരോഗ ചികിത്സ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള ക്ലിനിക്കുകളുടെ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(സി) അന്യസംസ്ഥാനക്കാരായ ഇത്തരം ചികിത്സകരുടെ യോഗ്യത എന്താണെന്നും ഇവിടുത്തെ ചികിത്സാരീതി എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ഡി) യാതൊരു യോഗ്യതയുമില്ലാതെയും പ്രാകൃതരീതിയിലുള്ള ചികിത്സാ രീതികൾ നടത്തുന്നതുമായ ഇത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്താനും നിയമനടപടി സ്വീകരിക്കാനും ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും പോലീസിനും നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly